## പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 7893

23.07.2012 - ൽ മറുപടിയ്ക്ക്

### പോലീസ് വകുപ്പിലെ ക്യാമ്പ് ഫോളോവേഴ്സ്

| ചോദ്യം<br>ശ്രീ. എ. കെ. ബാലൻ | | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|---|
| (എ) പോലീസ് വകുപ്പിൽ ഇപ്പോൾ എത്ര ക്യാമ്പ് ഫോളോവേഴ്സ് ആണ് ഉള്ളത് ; | (എ) | 1122 പേർ |
| (ബി) ക്യാമ്പ് ഫോളോവേഴ്സിനെ എന്തെല്ലാം ജോലികൾക്കാണ് നിയോഗിക്കുന്നത്; സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇവർ ഇപ്പോൾ ജോലി ചെയ്യുന്നത് ; | (ബി) | വാട്ടർ ക്യാരിയർ, കുക്ക്, ധോബി, സ്വീപ്പർ, ബാർബർ എന്നീ ജോലികൾക്കാണ് അവരെ നിയോഗിച്ചിട്ടുളളത്. ബറ്റാലിയനുകളിലും ആംഡ് റിസർവ്വുകളിലും ഇവർ ജോലി ചെയ്യുന്നു. |
| (സി) പോലീസ് ഓഫീസർമാരുടെ വീട്ടിൽ ക്യാമ്പ് ഫോളോവേഴ്സിനെ ജോലിക്ക് നിയോഗിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഓഫീസർമാരുടെ വീട്ടിലാണ് ഇവർ ജോലി ചെയ്യുന്നതായി കണ്ടെത്തിയിട്ടുള്ളത് ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) ഓഫീസർമാരുടെ വീട്ടിൽ ക്യാമ്പ് ഫോളോവേഴ്സിനെ ജോലിക്ക് നിയോഗിക്കുന്നത് നിരോധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ഡി) | ഇല്ല. 30.08.2009 ലെ 17812/കെ2/2008/ആഭ്യന്തരം നമ്പർ സർക്കാർ കത്ത് പ്രകാരം, ക്യാമ്പ് ഫോളോവർമാരെ അവർ നിയമാനുസൃതം ചെയ്യേണ്ട ജോലിക്ക് മാത്രമേ നിയോഗിക്കാവൂ എന്ന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |
| (ഇ) ക്യാമ്പ് ഫോളോവേഴ്സിന്റെ ശമ്പള ഘടന വ്യക്തമാക്കുമോ ; | (ഇ) | ക്യാമ്പ് ഫോളോവേഴ്സിന്റെ നിലവിലെ ശമ്പള സ്കെയിൽ 8500-13210 ആണ്. |
| (എഫ്) ഇവർക്ക് വകുപ്പിൽ എന്തെങ്കിലും പ്രൊമോഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ ; | (എഫ്) | ഇവരെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായാണ് പരിഗണിക്കുന്നത്. യോഗ്യതയുള്ളവർക്ക് അറ്റന്റർ ആയി പ്രൊമോഷൻ നൽകുന്നതാണ്. |
| (ജി) ഇവരെ വകുപ്പിലെ ജീവനക്കാരായി അംഗീകരിക്കുമോ ? | (ജി) | അംഗീകരിച്ചിട്ടുണ്ട്. |

Annexure I

73

കേരള സർക്കാർ

നം: 17812/കെ2/08/ആഭ്യന്തരം

ആഭ്യന്തരം (കെ) വകുപ്പ്
തിരുവനന്തപുരം, തീയതി 30.11.2009

അഡീഷണൽ ചീഫ് സെക്രട്ടറി
ആഭ്യന്തര വകുപ്പ്

ഡയറക്ടർ ജനറൽ ഓഫ് പോലീസ്
തിരുവനന്തപുരം

സർ,

വിഷയം:- ക്യാമ്പ് ഫോളോവർമാരുടെ ജോലി
സൂചന: - കേരള എൻ.ജി.ഒ കൗൺസിൽ ജന.സെക്രട്ടറിയുടെ 25.02.2008 ലെ കത്ത്.

പോലീസ് വകുപ്പിലെ ക്യാമ്പ് ഫോളോവർമാരെ മറ്റു ജോലിയ്ക്ക് നിയോഗിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്യാമ്പ് ഫോളോവർമാരെ അവർ നിയമാനുസൃതം ചെയ്യേണ്ട ജോലിയ്ക്ക് മാത്രമേ നിയോഗിക്കാവൂ എന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ആഫീസർമാർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

ആർ. മധുസൂദനൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

പി.എച്ച്.ക്യൂ മേലെഴുത്ത് നം. എൻ3/106305/09 തീയതി 26.12.2009

ക്യാമ്പ് ഫോളോവർമാരെ നിയമാനുസൃതം ചെയ്യേണ്ട ജോലിയ്ക്ക് മാത്രമേ നിയോഗിക്കാവൂ എന്നും ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ആഫീസർമാർക്കെതിരെ കർശനനടപടി സ്വീകരിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം അറിവിലേയ്ക്കും അനന്തര നടപടികളിലേയ്ക്കുംമായി എല്ലാ കമ്മീഷണർമാർക്കും, ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും ബറ്റാലിയൻ കമാന്റന്റുമാർക്കും, ടെലികമ്മ്യൂണിക്കേഷൻ എസ്.പി, പി.ടി.സി പ്രിൻസിപ്പാൾ, റെയിൽവേ പോലീസ് സൂപ്രണ്ട്, ഐ.ജി (ട്രെയിനിംഗ്) ഡയറക്ടർ, കേരള പോലീസ് അക്കാദമി എന്നിവർക്കു് അയക്കുന്നു. സർക്കാരിന്റെ മേൽ നിർദ്ദേശം കർശനമായി പാലിക്കപ്പെടേണ്ടതാണ്.

പകർപ്പ്: പോലീസ് ഹെഡ്ക്വാർട്ടേഴ്സിലെ എല്ലാ ആഫീസർമാർക്കും കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്കും അറിവിനായി നൽകുന്നു.

പകർപ്പ്; മാനേജർ, അക്കൗണ്ട്സ് ഓഫീസർ, ഡ്യൂട്ടി ഓഫീസർ, പി.എച്ച്.ക്യൂ

പോലീസ് ഡയറക്ടർ ജനറലിനു വേണ്ടി

p0